COURT FEE 10 Rs. भारत INDIA दस रुपये TEN RUPEES

DEC 20

17665

പ്രേക്ഷിത

ബിന്ദുരാജഗോപാലൻ,
കിണറ്റിൻകര ഹൗസ്,
വിവേഴ്സ് സ്ട്രീറ്റ്,
പയ്യന്നൂർ.

സ്വീകർത്താവ്

ഡയറക്ടർ ഓഫ് സാമൂഹ്യ നീതി വകുപ്പ്,
ഫിഫ്ത് ഫേളോർ, വികാസ് ഭവൻ,
പാളയം, പാളയം പി.എം.ജി റോഡ്,
തിരുവനന്തപുരം. പിൻ. 695033

സർ,

**വിഷയം: 2005 ലെ വിവരാവകാശ നിയമപ്രകാരം താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.**

1. താങ്കളുടെ ഓഫീസിലും, കാസർഗോഡ് ജില്ലയിൽ താങ്കളുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ക്ലർക്ക് ടൈപ്പിസ്റ്റിന്റെ ആകെ എത്ര തസ്തികകൾ ഉണ്ട്?
2. അതിൽ നിലവിൽ കാസർഗോഡ് ജില്ലയിൽ എത്ര പേർ ജോലി ചെയ്തു വരുന്നു.?
3. കാസർഗോഡ് ജില്ലയിൽ എത്ര ഒഴിവുകൾ നിലവിൽ താങ്കളുടെ ഓഫീസിലും, കീഴിലുള്ള സ്ഥാപനങ്ങളിലും ഉണ്ട്?
4. കാസർഗോഡ് ജില്ലയിൽ ഒഴിവുകൾ നിലവിൽ ഉണ്ടെങ്കിൽ ആ സ്ഥാപനങ്ങളുടെ പേരും അഡ്രസ്സും?
5. കാസർഗോഡ് ജില്ലയിൽ ഈ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?
6. ഇല്ലെങ്കിൽ ആയതിന്റെ കാരണം?
7. കാസർഗോഡ് ജില്ലയിൽ ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തിക 2018 ഡിസംബർ മുതൽ 2019 ആഗസ്ത് അവസാനം വരെ റിട്ടയർമെന്റ് വഴി എത്ര ഒഴിവുകൾ വരാൻ സാധ്യതയുണ്ട്?
8. കാസർഗോഡ് ജില്ലയിൽ ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തിക 2018 ഡിസംബർ മുതൽ 2019 ആഗസ്ത് അവസാനം വരെ പ്രമോഷൻ വഴി എത്ര ഒഴിവുകൾവരാൻ സാധ്യത യുണ്ട്?

9. താങ്കളുടെ ഓഫീസിലും, കാസർഗോഡ് ജില്ലയിലെ താങ്കളുടെ കീഴിലുള്ള സ്ഥാപനങ്ങളിലോ നിലവിൽ പി.എസ്.സി വഴി എടുക്കേണ്ട ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികകളിൽ താല്കാലികക്കാരെ നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്ത് കൊണ്ട് അത് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല?

മേൽ പറഞ്ഞ ചോദ്യങ്ങൾക്ക് ചോദ്യം, ഉത്തരം എന്ന രൂപത്തിൽ മറുപടി പ്രതീക്ഷിക്കുന്നു.

മേൽ പറഞ്ഞ കാര്യങ്ങൾ 2005ലെ വിവരാവകാശ നിയമപ്രകാരം അനുവദിച്ചു തരണമെന്ന് വിനയപൂർവ്വം അപേക്ഷിച്ചു കൊള്ളുന്നു.

മേൽ നിയമമനുസരിച്ച് 10 രൂപയുടെ കോർട്ടം ഫീ സ്റ്റാമ്പ് ഇതോടൊപ്പം പതിച്ചിരിക്കുന്നു. കോപ്പിയ്ക്ക് കൂടുതൽ ഫീസ് ആവശ്യമാണെങ്കിൽ ഞാൻ അടയ്ക്കാൻ തയ്യാറാണ്.

19/12/2018

പയ്യന്നൂർ

എന്ന്

ബിന്ദു രാജഗോപാലൻ